(സി) സ്വകാര്യ വ്യക്തികൾ റേഷൻ മൊത്ത വിതരണ രംഗത്ത് അവർ ഏറെടുത്ത ഉത്തരവാദിത്വം നിർവഹിക്കുമെന്നതിന് എന്ത് മുൻ കരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) സഹകരണ സംഘങ്ങൾ—45.

സ്വകാര്യ വ്യക്തികൾ—243.

(ബി) മൂന്ന്.

(സി) റേഷൻ മൊത്തവിതരണം ഏറെടുത്ത് നടത്തുന്ന സ്വകാര്യ വ്യക്തികൾ കെ. ആർ. ഒ. അനുസരിച്ചുള്ള കരാർ പ്രകാരം അവർ ഏറെടുത്ത ഉത്തരവാദിത്വം ശരിക്കും നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ താലൂക്ക്, ജില്ലാ മേഖല തലങ്ങളിൽ പരിശോധനാ ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നുണ്ട്. ഈ സ്വകാര്യ വ്യക്തികൾ കേരളാ റേഷനിംഗ് ഓർഡർ പ്രകാരമാണോ റേഷൻ മൊത്തക്കട നടത്തുന്നതെന്ന് പ്രസ്തുത ഉദ്യോഗസ്ഥന്മാർ പരിശോധിക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

പാചക ഗ്യാസ് വിതരണത്തിലെ ക്രമക്കേടുകൾ

*63 [63] ശ്രീ. കെ. കെ. നായർ:

,, ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചകഗ്യാസ് വിതരണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ക്രമക്കേടുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൂക്കത്തിൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നില്ലെന്നുറപ്പ് വരുത്തുവാൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഉപഭോക്താക്കൾക്ക് പാചകഗ്യാസ് വിതരണം ചെയ്യുന്ന അവസരത്തിൽ അതിന്റെ തൂക്കം ബോദ്ധ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുമോ;

(ഡി) ഗ്യാസ് സിലിണ്ടറുകൾക്ക് ലീക്കേജ് ഇല്ലെന്നുറപ്പ് വരുത്തുന്നതിന് ഉപഭോക്താക്കൾക്ക് നൽകുന്ന അവസരത്തിൽകൂടി അവ ടെസ്റ്റ് ചെയ്ത് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ നടപടികൾ നിർബന്ധമായും പ്രായോഗികമാക്കുന്നതിന് എല്ലാ ഗ്യാസ് വിതരണ ഏജൻസികൾക്കും കർശനമായ നിർദ്ദേശം നൽകുമോ;

(എഫ്) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏജൻസിക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) വിതരണത്തിന് മുൻപ് തന്നെ ഗ്യാസ് സിലിണ്ടറിന്റെ തൂക്കം പരിശോധിച്ച് അതിന്റെ കൃത്യത ഓയിൽ കമ്പനികളും തന്നെ ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ വിതരണ ഏജൻസികളും ഗ്യാസ് സിലിണ്ടറിന്റെ തൂക്കം പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട് ഉപഭോക്താക്കളിൽ നിന്നും എന്തെങ്കിലും പരാതിയുണ്ടായാൽ ഓയിൽ കമ്പനികളും തക്ക സമയത്ത് അന്വേഷണം നടത്തി നടപടികളും കൈക്കൊള്ളുന്നുണ്ട്.

(ഡി) വിതരണ ഏജൻസികളിൽനിന്നും ഗ്യാസ് നിറച്ച സിലിണ്ടറുകളും പുറത്തുകൊണ്ടുപോകുന്നതിന് മുൻപ് തന്നെ ഏജൻസി ഉദ്യോഗസ്ഥൻമാർ സിലിണ്ടറുകൾക്ക് ലീക്കേജ് ഇല്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇക്കാര്യം ഉപഭോക്താവിനും ബോദ്ധ്യപ്പെടുത്തിക്കൊടുക്കാറുണ്ട്.

(ഇ) ഗ്യാസ് ഉൽപ്പാദനവും വിതരണവും ഓയിൽ കമ്പനികളുടെ ചുമതലയിൽപ്പെട്ടതാണ്. ഇതിൽ സംസ്ഥാന സർക്കാരിന് കാര്യമായി എന്തെങ്കിലും ചെയ്യാനുള്ള അധികാരം ഉണ്ടെന്ന് തോന്നുന്നില്ല. ഓയിൽ കമ്പനികളും തന്നെ ഗ്യാസ് സിലിണ്ടറുകൾക്ക് ലീക്കേജ് ഇല്ല എന്ന് ഉറപ്പു വരുത്തണമെന്ന് എല്ലാ ഏജൻസികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഓയിൽ കമ്പനികളും നൽകുന്ന നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തരത്തിൽ വീഴ്ച കാണിക്കുന്ന ഏജൻസികൾക്കെതിരെ കർശനമായ നടപടികളും ഓയിൽ കമ്പനികളും തന്നെ കൈക്കൊള്ളുന്നുണ്ട്. ഉപഭോക്താവിന് കിട്ടേണ്ടുന്ന സേവനത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കാണിക്കുന്ന ഏജൻസിയുടെ ലൈസൻസ് ഓയിൽ കമ്പനികളും ഉടനെതന്നെ റദ്ദുചെയ്യുന്നുണ്ട്.

സ്റ്റേറ്റ് ഇൻഷ്വറൻസ് ജില്ലാ ഓഫീസുകൾ

*64 [64] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, നാലകത്ത് സൂപ്പി:
,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിനു കീഴിലുള്ള എത്രയെല്ലാം ജില്ലകളിലാണ് ജില്ലാ ഓഫീസുകൾ ഇല്ലാത്തത്;

(ബി) ജില്ലാ ഓഫീസുകൾ ഇല്ലാത്തതുമൂലം ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ജില്ലാ ഓഫീസുകൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കാൻ ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കാസർകോഡ് എന്നീ ജില്ലകളിൽ ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിന്റെ ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly